**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ഡിപ്പോ ഉടങ്ങുന്നതിനാവശ്യമായ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നഗരസഭാ പ്രദേശത്ത് നിലവിലുള്ള ബസ്സ്റ്റാന്റിന്റെ ഒരു ഭാഗത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോ ഉടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ? | (എ) | വടക്കാഞ്ചേരിയിൽ നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സ്വന്തമായി സ്ഥലങ്ങളോ കെട്ടിടങ്ങളോ ഇല്ല. കെ.എസ്.ആർ.ടി.സി.യുടെ മുപ്പതോളം സർവ്വീസുകളും മറ്റ് സ്വകാര്യ ബസ്സുകളും ബസ് സ്റ്റാൻഡിന്റെ മുൻവശത്ത് നിന്നാണ് സർവ്വീസ് നടത്തുന്നത്. സർവ്വീസ് നടത്തിപ്പും യാത്രക്കാരുടെ എണ്ണവും പരിഗണിച്ചാൽ വടക്കാഞ്ചേരിയിൽ ഒരു ബസ് സ്റ്റേഷനോ ഡിപ്പോയോ പ്രവർത്തിപ്പിക്കുന്നതിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല. എന്നിരുന്നാലും സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭിച്ചാൽ പഠനം നടത്തി തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ